# Hon'ble Chief Minister of Kerala inaugurated Neera License Distribution Function at Kochi on 16 Jan 2015

Hon. Chief Minister of Kerala, Shri.Oommen Chandy inaugurated the distribution of Neera licenses to 108 Coconut Producer Federations registered under the Coconut Development Board on 16 January 2014 at Kochi. Hon. Minister for Fisheries, Ports and Excise, Shri.K Babu presided over the function. Hon. Chief Minsiter distributed the subsidy allotted to the Neera Processing plants and Prof.K.V. Thomas MP launched value-added products from coconut in the function.

Shri.Anil Xavier IAS, Excise Commissioner, Shri.T.K. Jose IAS, Chairman, Coconut Development Board, Shri.Hibi Eden MLA, Shri.Dominic Presentation MLA, Shri.Benny Behanan MLA, Shri.Ludi Luiz MLA, Smt.B.Bhadra, Deputy Mayor, Corporation of Cochin, Shri.Subrata Biswas IAS, Agricultural Production Commissioner, Farmer Representative of Neera Committee, Shri.Shajahan Kanjiravilayil, Chairman, Consortium of Coconut Producer Companies in Kerala and Chairman, Kaippuzha Coconut Producer Company. Shri.Babu Joseph, Neera Committee Member, Dr.C.Mohan Kumar, Director - SCMS Institute of Bio Science and Biotechnology and Shri.Sugatha Ghose, Chief Coconut Development Officer attended the function.





## നീര സംസ്ഥാന സർക്കാരിന്റെ മെച്ചപ്പെട്ട പദ്ധതി : ശ്രീ. ഉമ്മൻചാണ്ടി

മുഖ്യമന്ത്രി ആയതിനുശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ ഏറ്റവും സംതൃപ്തി നൽകിയിട്ടുള്ളത് നീര പദ്ധതിയാണ് എന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പ്രഖ്യാപിച്ചു. 108 കേരോത്പാദക ഫെഡറേഷനുകൾക്ക് നീര ചെത്താനുള്ള ലൈസൻസ് വിതരണം ചെയ്യുന്നതിനായി നാളികേര വികസന ബോർഡും സംസ്ഥാന എക്സൈസ് വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനുപുറമെ നിലവിൽ നീര ലൈസൻസിന് അപേക്ഷിച്ചിട്ടുള്ള 136 ഫെഡറേഷനുകൾക്ക് എത്രയും വേഗം ലൈസൻസ് ലഭ്യമാക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. മുമ്പോട്ടു വരുന്ന എല്ലാ ഫെഡറേഷനുകളേയും പ്രോത്സാഹിപ്പിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആരോഗ്യത്തിന് വളരെ ഗുണകരമായ നീര ഒരു ഗ്ലാസ് കുടിച്ചു കഴിഞ്ഞാൽ പ്രഭാത ഭക്ഷണം കഴിക്കേണ്ട ആവശ്യം വരുന്നില്ലെന്ന രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വാക്കുകൾ മുഖ്യമന്ത്രി തദവസരത്തിൽ ഓർമ്മപ്പെടുത്തി. കാർഷിക മേഖലയുടെ ഉണർവാണ് കേരളത്തിന്റെ ഉണർവ്വ്. നീര വലിയൊരു മാറ്റമാണ് ഈ മേഖലയ്ക്ക് സംഭാവന ചെയ്തത്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാവിധ സഹകരണവും പ്രോത്സാഹനവും ഉണ്ടാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. പാലക്കാട്, തൃശൂർ, ആലപ്പുഴ, കണ്ണൂർ, മലപ്പുറം, കാസർഗോഡ്, തിരുവനന്തപുരം, എറണാകുളം, കൊല്ലം എന്നീ ജില്ലകളെ പ്രതിനിധീകരിച്ച് അതാത് കമ്പനി ചെയർമാൻമാർ മുഖ്യമന്ത്രിയുടെ പക്കൽ നിന്നും ലൈസൻസ് ഏറ്റു വാങ്ങി.

തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനി വിപണിയിലിറക്കിയ നീര കേക്ക് മുഖ്യമന്ത്രി തദവസരത്തിൽ മുറിച്ച് എക്സൈസ് വകുപ്പു മന്ത്രി കെ. ബാബുവിനു നൽകി.

112 വർഷം അബ്കാരി നിയമത്തിൽ കുരുങ്ങി കിടന്ന നീരയെ അതിൽനിന്ന് വേർപെടുത്തി ഭേദഗതികൾ വരുത്തി ചരിത്രപരമായ ഒരു തീരുമാനം നടപ്പാക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട് എന്ന് ബഹു. ഫിഷറീസ് - തുറമുഖ - എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു അറിയിച്ചു. സാമൂഹിക രംഗത്തും സാമ്പത്തിക രംഗത്തും വളരെ ശക്തമായ മാറ്റം വരുത്താൻ നീരയുടെ വരവുകൊണ്ട് സാധിച്ചു.

നീരയുടെ അനന്തമായ സാധ്യതകൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയണം എന്ന് പ്രൊഫ. കെ. വി. തോമസ് എം. പി. അഭിപ്രായപ്പെട്ടു.

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനും നീരയ്ക്കുള്ള പങ്ക് നിർണ്ണായകമാണെന്ന് സംസ്ഥാന എക്സൈസ് കമ്മീഷണർ അനിൽ സേവ്യർ പറഞ്ഞു. അബ്കാരി നിയമം ഭേദഗതി വരുത്തുന്നതിന് ശ്രീ. കെ. ബാബു നീരയുടെയും കേര കർഷകരുടേയും ഉന്നമനത്തിനായി വളരെയധികം പ്രയത്നിച്ചുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കൊല്ലം കൈപ്പുഴ കമ്പനിയുടെ നീര സംസ്ക്കരണ പ്ലാന്റിന്റെ ഔപചാരികമായ ഉദ്ഘാടനം ഈ മാസം അവസാനം ഉണ്ടാകുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐ.എ.എസ് പറഞ്ഞു. 26000 ടെക്നീഷ്യന്മാരെ അത്യാവശ്യമായി പരിശീലനം നൽകേണ്ടതുണ്ടെന്നും അതിന് ആവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കണമെന്നും ശ്രീ. ടി. കെ. ജോസ് തദവസരത്തിൽ അറിയിച്ചു. നീര ക്രൂഡ്ഓയിലിനേക്കാൾ വളരെ വിലമതിച്ചതാണെന്ന പ്ലാനിംഗ് ബോർഡ് ചെയർമാൻ ശ്രീ. കെ. ചന്ദ്രശേഖരന്റെ വാക്കുകൾ അനുസ്മരിച്ച ശ്രീ. ടി. കെ. ജോസ് നീരയുടെ ചരിത്രം തങ്കലിപികളിൽ എഴുതപ്പെടേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ഇതോടൊപ്പം 2014 ബഡ്ജറ്റിൽ 12 കേരോത്പാദക കമ്പനികൾക്ക് മൂലധനമായി 15 കോടി രൂപ നൽകാമെന്ന് വാഗ്ദാനം ചെയ്തത് ലഭ്യമാക്കാൻ ഇനിയും വൈകിക്കരുതെന്ന് ശ്രീ. ടി. കെ. ജോസ് ആവശ്യപ്പെട്ടു.

കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയ്ക്കുള്ള 25ലക്ഷം രൂപയുടെ സബ്സിഡി മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും കമ്പനി ചെയർമാൻ ശ്രീ. ഷാജഹാൻ കാഞ്ഞിരവിളയിൽ ഏറ്റുവാങ്ങി.

എം.എൽ.എമാരായ ശ്രീ. ഹൈബി ഈഡൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ലൂഡി ലൂയിസ്, ശ്രീ. ബെന്നി ബെഹന്നാൻ, കൊച്ചി മേയർ ശ്രീ. ടോണി ചമ്മണി, എസ്., ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ. ഡി. സന്തോഷ്, കേരോല്പാദക കമ്പനികളുടെ കൺസോർഷ്യം ചെയർമാൻ ശ്രീ. ഷാജഹാൻ കാഞ്ഞിരവിളയിൽ, ഹോർട്ടി കോർപ്പ് ചെയർമാൻ ശ്രീ. ലാൽ വർഗ്ഗീസ് കൽപകവാടി, നീര കമ്മിറ്റി കർഷക പ്രതിനിധി ശ്രീ. ബാബു ജോസഫ്, എസ്.സി.എം.എസ്. ബയോ സയൻസ്, ബയോ ടെക്നോളജി ഗവേഷണവിഭാഗം ഡയറക്ടർ ഡോ. സി. മോഹൻകുമാർ, മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. സുഗതാ ഘോഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.